കേരള സർക്കാരിന്റെ
**100 ദിവസങ്ങൾ പദ്ധതികൾ**
പരിപാടിയുടെ ഭാഗമായി

# കേരള സർക്കാർ

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

## ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂർ

ബഹു. മുഖ്യമന്ത്രി



**ശ്രീ.പിണറായി വിജയൻ**

# പൂർത്തിയായ കെട്ടിടങ്ങളുടെ ഉദ്ഘാടനം, പുതിയ പദ്ധതികളുടെ നിർമ്മാണോദ്ഘാടനം, പുതിയ എം.ടെക് കോഴ്സുകളുടെ ഔപചാരിക ഉദ്ഘാടനം.

**2021 ഫെബ്രുവരി 12**
**വെള്ളിയാഴ്ച**
**വൈകീട്ട് 3 മണി**

ഉദ്ഘാടനം



**ഡോ. കെ.ടി. ജലീൽ**
ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി

അദ്ധ്യക്ഷൻ



**ശ്രീ.വി.എസ്.സുനിൽകുമാർ**
ബഹു. കൃഷി വകുപ്പുമന്ത്രി

വിശിഷ്ടാതിഥി



**പ്രൊഫ. സി.രവീന്ദ്രനാഥ്**
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി

മുഖ്യാതിഥികൾ



**ശ്രീ.എം.കെ. വർഗ്ഗീസ്**
ബഹു. മേയർ, തൃശൂർ



**ശ്രീ.ടി.എൻ.പ്രതാപൻ**
ബഹു. എം.പി, തൃശൂർ

**പൂർത്തിയായ പദ്ധതികൾ**

| | |
|---|---|
| ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബ്ലോക്ക് | 2.5 കോടി |
| കംപ്യൂട്ടർ സയൻസ് അനക്സ് ബിൽഡിംഗ് | 2.5 കോടി |

**പുതിയ പദ്ധതികൾ**

| | |
|---|---|
| സിവിൽ എഞ്ചിനീയറിംഗ് ലബോറട്ടറി ബ്ലോക്ക് | 1.25 കോടി |
| മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്ലോക്ക് | 3 കോടി |
| പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് അനക്സ് ബ്ലോക്ക് | 4 കോടി |

**ശ്രീ. വി.എസ്.സുനിൽകുമാർ MLA യുടെ ആസ്തി വികസന ഫണ്ട്**

| | |
|---|---|
| മഴവെള്ളക്കൊയ്ത്ത് സംഭരണി - നടപ്പാത - പാർക്ക് | 60 ലക്ഷം |
| കോളേജ് കാന്റീൻ | 30 ലക്ഷം |

**പുതിയ എം.ടെക് കോഴ്സുകൾ**

| | |
|---|---|
| ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് (മെക്കാനിക്കൽ എഞ്ചിനീയറിംഗ്) | 20 സീറ്റ് |
| വി.എൽ.എസ്.ഐ ആന്റ് എംബഡെഡ് സിസ്റ്റംസ് (ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്) | 20 സീറ്റ് |
| ഹെൽത്ത് സേഫ്റ്റി ആന്റ് എൻവയോൺമെന്റൽ മാനേജ്മെന്റ് (കെമിക്കൽ എഞ്ചിനീയറിംഗ്) | 20 സീറ്റ് |

രാമവർമ്മപുരം,
05.02.2021.

ബഹുമാന്യരേ,

കേരളത്തിന്റെ സാങ്കേതികമുന്നേറ്റത്തിന് നിസ്തുലമായ സംഭാവനകൾ നൽകിയ സ്ഥാപനമാണ് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്. ആഗോളതലത്തിൽതന്നെ പ്രശസ്തരായ നിരവധി സാങ്കേതികപ്രതിഭകളേയും വിദഗ്ദ്ധരേയും ഈ കലാലയം സംഭാവന ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1958 ഏപ്രിൽ 26ന് ശിലാസ്ഥാപനം നിർവ്വഹിച്ച ഈ സ്ഥാപനം പുരോഗതിയുടെ പാതയിലാണ്.

2.5 കോടി രൂപ വീതം ചിലവിൽ പണി പൂർത്തീകരിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം കെട്ടിടത്തിന്റെ മൂന്നാം നിലയുടെയും, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗം കെട്ടിടത്തിന്റെ അനക്സിന്റെയും ഉദ്ഘാടനം 2021 ഫെബ്രുവരി 12 വെള്ളിയാഴ്ച വൈകീട്ട് 3 മണിക്ക് കോളേജിൽ വെച്ച് ബഹു. കൃഷി വകുപ്പുമന്ത്രി **ശ്രീ. വി. എസ്. സുനിൽകുമാർ** അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽവെച്ച് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി **ഡോ. കെ. ടി. ജലീൽ** നിർവ്വഹിക്കുന്നു. ചടങ്ങിൽ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി **പ്രൊഫ. സി. രവീന്ദ്രനാഥ്** വിശിഷ്ടാതിഥിയായിരിക്കും.

പ്രസ്തുത ചടങ്ങിൽ വെച്ച് പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് വിഭാഗം അനക്സ് ബ്ലോക്ക് (അടങ്കൽ തുക 4കോടി രൂപ), മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്ലോക്കിന്റെ രണ്ടാംഘട്ടം (അടങ്കൽ തുക 3കോടി രൂപ), സിവിൽ എഞ്ചിനീയറിംഗ് ലബോറട്ടറി ബിൽഡിംഗിന്റെ രണ്ടാം ഘട്ടം (അടങ്കൽ തുക 1.25കോടി രൂപ) എന്നിവയുടെ നിർമ്മാണോദ്ഘാടനവും നിർവ്വഹിക്കപ്പെടുന്നു.

കൂടാതെ ശ്രീ. വി.എസ്. സുനിൽകുമാർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മിക്കുന്ന മഴവെള്ള സംഭരണി - നടപ്പാത - പാർക്ക് (അടങ്കൽ തുക 60 ലക്ഷം രൂപ), കോളേജ് കാന്റീൻ കെട്ടിടം (അടങ്കൽ തുക 30 ലക്ഷം രൂപ) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും തദവസരത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നു.

ഈ അദ്ധ്യയനവർഷത്തിൽ അനുവദിച്ച പുതിയ എം.ടെക് കോഴ്സുകളായ ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, വി.എൽ.എസ്.ഐ ആന്റ് എംബെഡെഡ് സിസ്റ്റംസ്, ഹെൽത്ത് സേഫ്റ്റി ആന്റ് എൻവയോൺമെന്റൽ മാനേജ്മെന്റ് എന്നിവയുടെ ഔപചാരിക ഉദ്ഘാടനവും ഈ ചടങ്ങിൽ വെച്ച് നടത്തപ്പെടുന്നു.

പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥപ്രമുഖർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്ന ഈ ചടങ്ങിലേക്ക് താങ്കളെ സാദരം ക്ഷണിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ. ബൈജുബായ് ടി.പി.**
ഡി.ടി.ഇ, തിരുവനന്തപുരം

**ഡോ. ഷീബ വി.എസ്.**
പ്രിൻസിപ്പാൾ, ജി.ഇ.സി.തൃശൂർ

**ശ്രീ. ബാലകൃഷ്ണൻ ഇ.**
പി.ടി.എ. പ്രസിഡന്റ്

## 12.02.2021 വൈകീട്ട് 3 മണി
## ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് തൃശൂർ

# കാര്യപരിപാടി

| | | |
|---|---|---|
| സ്വാഗതം & വിഷയാവതരണം | : | **ഡോ. ബൈജുബായ് ടി. പി.**<br>*ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്* |
| പ്രൊജക്ട് റിപ്പോർട്ട് | : | **ശ്രീമതി. വി.കെ. ശ്രീമാല**<br>*സൂപ്രണ്ടിംഗ് എഞ്ചിനീയർ, PWD സെൻട്രൽ സർക്കിൾ, തൃശ്ശൂർ* |
| അദ്ധ്യക്ഷൻ | : | **ശ്രീ. വി. എസ്. സുനിൽ കുമാർ**<br>*ബഹു. കൃഷി വകുപ്പുമന്ത്രി* |
| ഉദ്ഘാടനം | : | **ഡോ. കെ. ടി. ജലീൽ**<br>*ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി* |
| വിശിഷ്ടാതിഥി | : | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>*ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി* |
| മുഖ്യാതിഥികൾ | : | **ശ്രീ. എം. കെ. വർഗ്ഗീസ്** *ബഹു. മേയർ, തൃശ്ശൂർ കോർപ്പറേഷൻ* |
| | : | **ശ്രീ. ടി. എൻ. പ്രതാപൻ** *ബഹു. എം.പി., തൃശ്ശൂർ* |
| ആശംസകൾ | : | **ശ്രീമതി രാജശ്രീ ഗോപൻ** *ബഹു. ഡെപ്യൂട്ടി മേയർ, തൃശൂർ കോർപ്പറേഷൻ* |
| | : | **ശ്രീ. എസ്. ഷാനവാസ് ഐ.എ.എസ്.** *ബഹു. കളക്ടർ, തൃശൂർ* |
| | : | **ശ്രീ. എൻ.എ. ഗോപകുമാർ** *വിദ്യാഭ്യാസ- കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, തൃശൂർ കോർപ്പറേഷൻ* |
| | : | **ശ്രീമതി രമ്യ ബൈജു** *കൗൺസിലർ, 4 - ാം ഡിവിഷൻ, തൃശൂർ കോർപ്പറേഷൻ* |
| | : | **ശ്രീമതി രാധിക അശോകൻ** *കൗൺസിലർ, 7- ാം ഡിവിഷൻ, തൃശൂർ കോർപ്പറേഷൻ* |
| | : | **ശ്രീ. ഐ. സതീഷ്കുമാർ** *കൗൺസിലർ, 8 - ാം ഡിവിഷൻ, തൃശൂർ കോർപ്പറേഷൻ* |
| | : | **അഡ്വ. വില്ലി** *കൗൺസിലർ, 9 - ാം ഡിവിഷൻ, തൃശൂർ കോർപ്പറേഷൻ* |
| | : | **ശ്രീ. രാജൻ പല്ലൻ** *കൗൺസിലർ, 11 - ാം ഡിവിഷൻ, തൃശൂർ കോർപ്പറേഷൻ* |
| | : | **ശ്രീ. ബാലകൃഷ്ണൻ ഇ.** *പി.ടി.എ. പ്രസിഡന്റ്* |
| | : | **പ്രൊഫ. ടി. കൃഷ്ണകുമാർ** *ജനറൽ സെക്രട്ടറി, പൂർവ്വ വിദ്യാർത്ഥി സംഘടന* |
| | : | **ശ്രീ. അനിൽകുമാർ എം. വി** *CPI(M) പ്രതിനിധി* |
| | : | **ശ്രീ. എം. വി ജോർജ്ജ്** *CPI പ്രതിനിധി* |
| | : | **ശ്രീ. ഇ. എം. ശിവൻ** *INC പ്രതിനിധി* |
| | : | **ശ്രീ. രാജേഷ് കെ. രാമചന്ദ്രൻ** *BJP പ്രതിനിധി* |
| | : | **ശ്രീ ആദിൽ ഫലാഹ്** *ജനറൽ സെക്രട്ടറി, കോളേജ് യൂണിയൻ* |
| നന്ദി | : | **ഡോ. ഷീബ വി. എസ്.** *പ്രിൻസിപ്പാൾ* |

Government Engineering College
Thrissur




# ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം കെട്ടിടത്തിന്റെ മൂന്നാം നില

**അടങ്കൽ തുക**
**2.5 കോടി രൂപ**

**വിസ്തീർണ്ണം**
**933.02 $m^2$**

വർഷംതോറും
132 ബിരുദവിദ്യാർത്ഥികളും
40 ബിരുദാനന്തര വിദ്യാർത്ഥികളും
പത്തോളം ഗവേഷക വിദ്യാർത്ഥികളും പ്രവേശനം നേടുന്ന ഇലക്ട്രിക്കൽ വിഭാഗം ആദ്യകാലങ്ങളിൽ കോളേജിന്റെ പ്രധാന കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. കാലാനുസൃതമായി സാങ്കേതിക വിജ്ഞാനത്തിൽ വന്ന വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതിന്റെ ഭാഗമായി കൂടുതൽ ഐച്ഛിക വിഷയങ്ങൾ ഉൾപ്പെടുത്തിയത് കാരണം ക്ലാസ് റൂമുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ആവശ്യമായിരുന്നു. 2011 ൽ ഇലക്ട്രിക്കലിനു മാത്രമായി 2000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ബ്ലോക്ക് രണ്ടു നിലകളിലായി നിർമ്മാണം പൂർത്തീകരിച്ചു. ഇപ്പോൾ പുതിയതായി 2.5 കോടി രൂപയുടെ എസ്റ്റിമേറ്റിൽ മൂന്നാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ഇതിൽ 5 ക്ലാസ്സ്മുറികളും 3 സ്റ്റാഫ് റൂമുകളും ഒരുക്കിയതിലൂടെ വകുപ്പിന്റെ ഭൗതികസാഹചര്യം വർദ്ധിച്ച് സുഗമമായ പ്രവർത്തനം സാധ്യമാകും.




## കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗം അനക്സ് കെട്ടിടം

**അടങ്കൽ തുക**
**2.5 കോടി രൂപ**
**വിസ്തീർണ്ണം**
**815.92 m²**

കോളേജിൽ 1984ൽ പ്രവർത്തനമാരംഭിച്ച കംപ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വിഭാഗത്തിന് 2001ൽ പ്രത്യേക കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചു. പുതിയകാലഘട്ടത്തിലെ തൊഴിൽസാദ്ധ്യതകൾക്കനുസരിച്ച് പാഠ്യപദ്ധതി പരിഷ്ക്കരിക്കുകയും പുതിയ ബിരുദാനന്തര ബിരുദകോഴ്സുകൾ അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ നിലവിലെ ഭൗതികസാഹചര്യം അപര്യാപ്തമായി വന്നിരിക്കുന്നു. നിലവിൽ 250 ബിരുദവിദ്യാർത്ഥികളും 36 ബിരുദാനന്തര വിദ്യാർത്ഥികളും പഠിക്കുന്ന ഈ വിഭാഗത്തിന്റെ വളർച്ചക്ക് പുതുതായി നിർമ്മാണം പൂർത്തീകരിച്ച കമ്പ്യൂട്ടർ സയൻസ് അനക്സ് ബ്ലോക്ക് സഹായകരമാകും. പുതിയ അനക്സ് ബ്ലോക്കിൽ 4 ക്ലാസ്സ്മുറികളും 2 ലാബോറട്ടറികളും 2 സ്റ്റാഫ് റൂമുകളും ഒരുക്കിയിട്ടുണ്ട്.






## പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് വിഭാഗം അനക്സ് ബ്ലോക്ക്

അടങ്കൽ തുക
4 കോടി രൂപ
വിസ്തീർണ്ണം
1786 $m^2$

വികസനോന്മുഖമേഖലകളിലെ വെല്ലുവിളികൾ നേരിടാൻ പ്രാവീണ്യം നേടിയ സാങ്കേതികവിദഗ്ധരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 1979ൽ ആരംഭിച്ച പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ബി.ടെക്, മാനുഫാക്ചറിംഗ് സിസ്റ്റംസ് മാനേജ്മെന്റിൽ എം.ടെക് എന്നീ കോഴ്സുകൾ നടത്തിവരുന്നു. അക്കാദമിക ആവശ്യങ്ങൾക്കായി ഒരു പുതിയബ്ലോക്കിൽ വിവിധ കോഴ്സുകൾക്കായുള്ള ലബോറട്ടറികളും ക്ലാസ്സ്റൂമുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊഡക്ഷൻ ഡിപ്പാർട്ട്മെന്റിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് ഒരു പ്രധാന നാഴികക്കല്ലാകും ഈ അനക്സ് ബിൽഡിംഗ്.






## മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്ലോക്കിന്റെ രണ്ടാംഘട്ടം

**അടങ്കൽ തുക
3 കോടി രൂപ
വിസ്തീർണ്ണം
1083 $m^2$**

കോളേജിലെ ആദ്യകാല ബ്രാഞ്ചുകളിൽ ഒന്നായ മെക്കാനിക്കൽ വിഭാഗം ഇപ്പോഴും കോളേജിന്റെ പ്രധാന കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്. പ്രാരംഭദശയിൽ നിന്നും ഒട്ടേറെ വളർച്ചാഘട്ടങ്ങൾ പിന്നിട്ട് ഇന്ന് 600 ൽ പരം ബിരുദ ബിരുദാനന്തര-ഗവേഷണ വിദ്യാർത്ഥികളും 75 അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരും മെക്കാനിക്കൽ വിഭാഗത്തിനു കീഴിലുണ്ട്. ഈ വിഭാഗത്തിന്റെ ദീർഘനാളത്തെ ആവശ്യമായ പ്രത്യേക മെക്കാനിക്കൽ വിഭാഗം കെട്ടിടം എന്നത് ഇന്ന് യാഥാർത്ഥ്യമായിക്കഴിഞ്ഞിട്ടുണ്ട്. കെട്ടിടത്തിന്റെ താഴത്തെ നില എതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ഇതുകൊണ്ടുമാത്രം വിഭാഗത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയാത്തതിനാൽ ഈ കെട്ടിടത്തിന്റെ രണ്ടാമത്തെ നില കൂടി നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

Government Engineering College
Thrissur






First Floor

## സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലബോറട്ടറി ബ്ലോക്ക് രണ്ടാം ഘട്ടം

അടങ്കൽ തുക
1.25 കോടി രൂപ
വിസ്തീർണ്ണം
773 $m^2$

സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിപുലീകരണത്തിനും, ഗവേഷണ പുരോഗതികൾക്കും ആക്കം കൂട്ടുന്നതിനായി ലബോറട്ടറി ബ്ലോക്കിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന്റെ പ്രവർത്തനം ആരംഭിക്കുകയാണ്. ആധുനിക സാങ്കേതിക വിദ്യാവളർച്ചയ്ക്കും നമ്മുടെ നാടിന് അനുയോജ്യമായ നൂതന കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്ക് ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾക്കും ഉപയോഗപ്രദമായിരിക്കും ഈ ലബോറട്ടറി ബ്ലോക്ക്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കേരളത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന പല പ്രകൃതി ദുരന്തങ്ങളുടെയും വ്യാപ്തിയും കാഠിന്യവും ലഘൂകരിക്കാനായി 2019 ൽ കേരള സർക്കാർ നമ്മുടെ സ്ഥാപനത്തിന് ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ഈ ലബോറട്ടറി ബ്ലോക്കിന്റെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.




**മഴവെള്ള
സംഭരണി,
നടപ്പാത,
പാർക്ക്**


**അടങ്കൽ തുക
60ലക്ഷം രൂപ
വിസ്തീർണ്ണം
1100 $m^2$**

*(ബഹു. ശ്രീ. വി. എ സ്. സുനിൽ കുമാർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട്)*

ജലസ്രോതസ്സുകളാൽ
സമൃദ്ധമായ കേരളത്തിൽ വേനലിൽ
രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്.
തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ, വിവിധ ആവശ്യങ്ങൾക്കായി ക്യാമ്പസിലെ ജലസ്രോതസ്സിനെയാണ് ആശ്രയിക്കുന്നത്. പാരിസ്ഥിതികാഘാതം പരമാവധി കുറച്ചുകൊണ്ട് ഭൂജലത്തിന്റെ റീചാർജിങ്ങിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു 'മഴവെള്ള കൊയ്ത്ത് പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകമായ മഴവെള്ളം സംഭരിക്കാനുള്ള ഒരു പൊയ്ക/ തടാകം, ക്യാമ്പസിലെ ആവശ്യങ്ങൾക്ക് ഒരു സർവ്വ ജലസ്രോതസ്സാകും എന്നതിൽ സംശയമില്ല. ഒപ്പം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജലനിരപ്പ് നിലനിർത്താനും ഈ തടാകം ഉപകാരപ്പെടും. മനോഹരമായ ഒരു ഉദ്യാനവും നടപ്പാതയും ഇതിനുചുറ്റും വിഭാവനം ചെയ്തിട്ടുണ്ട്.

Government Engineering College
Thrissur





## കോളേജ് കാന്റീൻ

അടങ്കൽ തുക
30ലക്ഷം രൂപ
വിസ്തീർണ്ണം
277.53 $m^2$

*(ബഹു ശ്രീ വി എസ്. സുനിൽ കുമാർ എം.എൽ. എ. യുടെ ആസ്തി വികസന ഫണ്ട്)*

ആരോഗ്യകരമായ ഭക്ഷണം
വൃത്തിയായ രീതിയിൽ ന്യായമായ നിരക്കിൽ

കോളേജ് പ്രവൃത്തി സമയത്തിനുശേഷവും വിദ്യാർത്ഥികൾക്കും, ഉദ്യോഗസ്ഥർക്കും, പൊതുജനങ്ങൾക്കും ഉപയോഗപ്പെടുത്തുവാനായി കോളേജിന്റെ കിഴക്കേ അറ്റത്തു റോഡിനോട് ചേർന്ന് പുതിയ ഒരു കോളേജ് കാന്റീൻ വിഭാവനം ചെയ്തിരിക്കുന്നു. വൃത്തിഹീനമായ ഭക്ഷണം പുറത്തു നിന്ന് കഴിച്ച് വിദ്യാർത്ഥികൾക്ക് നേരിടേണ്ടിവരുന്ന പല രോഗങ്ങളും ഇതുവഴി കുറക്കാൻ സാധിക്കും. കുട്ടികളുടെയും മുതിർന്നവരുടെയും ആരോഗ്യം നിലനിർത്താൻ കോളേജ് അധികൃതരുടെ നേരിട്ടുള്ള മേൽനോട്ടം വഴി നടത്തുന്ന ഈ കാന്റീന് മുഖ്യ പങ്ക് വഹിക്കാൻ സാധിക്കും.

# 2020–21 അദ്ധ്യയനവർഷത്തിൽ ആരംഭിച്ച എം.ടെക് കോഴ്സുകൾ

## എം.ടെക് – ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്

മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ ഈ അദ്ധ്യയനവർഷം മുതൽ തുടങ്ങിയ കോഴ്സാണ് എം.ടെക് ഇൻ ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്. ആധുനിക വ്യവസായികയുഗത്തിൽ വളരെയേറെ പ്രാധാന്യമുള്ള എഞ്ചിനീയറിംഗും മാനേജ്മെന്റും സമന്വയിപ്പിച്ചുകൊണ്ടുള്ള ഈ പാഠ്യപദ്ധതി എല്ലാ വ്യവസായ മേഖലകളിലും ഒരുപോലെ ഉപയോഗപ്പെടുത്താവുന്നതാണ്. ലഭ്യമായ വിഭവങ്ങൾ സാങ്കേതികവിദ്യയുടെയും മാനേജ്മെന്റ് തത്വങ്ങളുടെയും സഹായത്താൽ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യവസായങ്ങളെ മികവുറ്റതും സുസ്ഥിരമായ വളർച്ചയിലേക്കു നയിക്കുക എന്നതാണ് ഈ കോഴ്സിന്റെ ഉദ്ദേശ്യം. കൂടാതെ, എല്ലാ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും, ഉപരിപഠനത്തിനുള്ള അവസരം നൽകുന്നതിനാൽ ഈ പഠനശാഖയുടെ ഗുണഫലങ്ങൾ വിവിധ മേഖലകളിൽ എത്തിക്കാനും അതുവഴി ജോലിസാധ്യത വർദ്ധിപ്പിക്കാനും കഴിയും. സംരംഭകത്വം പോലെയുള്ള നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവും ഈ കോഴ്സിന്റെ പ്രധാന്യം അടിവരയിടുന്നു.

## എം.ടെക് – വി.എൽ.എസ്.ഐ ആന്റ് എംബഡെഡ് സിസ്റ്റംസ്

ഇന്റഗ്രേറ്റഡ് സർക്യൂട്ടിന്റെ രൂപകൽപ്പനയിലും പ്രത്യേകമായ ചില ചുമതലകൾ നിർവ്വഹിക്കുവാൻ ശേഷിയുള്ള ഇലക്ട്രോണിക്സ് സിസ്റ്റത്തിന്റെ രൂപകൽപ്പനയിലും വിദഗ്ദ്ധ പരിശീലനം ലക്ഷ്യം വെച്ചുള്ള എം. ടെക് കോഴ്സ് ആണ് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ളത്. വളരെ ദുഷ്കരമായ കാര്യങ്ങൾ കുറഞ്ഞ ഊർജ്ജത്തിൽ കൂടുതൽ വേഗത, കൃത്യത, വിശ്വാസ്യത എന്നിവയോടെ ചെയ്യുവാനും കാലദൈർഘ്യമേറിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും ഉതകുന്ന ഇലക്ട്രോണിക്സ് സാങ്കേതിക വിദ്യ പരിശീലിപ്പിക്കുന്ന ഒരു പഠനശാഖയാണിത്. നിലവിൽ മാനവ വിഭവശേഷി താരതമ്യേന കുറവുള്ള ഈ വിഭാഗത്തിൽ വി.എൽ.എസ്.ഐ ആന്റ് എംബഡെഡ് സിസ്റ്റംസ് കോഴ്സ് ആരംഭിക്കുന്നതു വഴി മാനവവിഭവശേഷി വർദ്ധിപ്പിക്കുവാനും തദ്വാരാ തൊഴിലവസരങ്ങൾ വിദ്യാർത്ഥികളെ തേടിയെത്താനും ഈ കോഴ്സ് വഴിയൊരുക്കും.

## എം.ടെക് – ഹെൽത്ത് സേഫ്റ്റി ആന്റ് എൻവയോൺമെന്റൽ മാനേജ്മെന്റ്

ആധുനിക വ്യവസായിക ലോകത്ത് ഏറ്റവും പ്രാധാന്യമുള്ള ഒരു മേഖലയായ എച്ച്.എസ്.ഇ എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന ഹെൽത്ത് സേഫ്റ്റി ആന്റ് എൻവയോൺമെന്റൽ മാനേജ്മെന്റ്, കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആരംഭിച്ച പുതിയ എം.ടെക് കോഴ്സാണ്. നൂതന വ്യാവസായിക ക്രമത്തിൽ പെട്രോളിയം റിഫൈനറി, നിർമ്മാണ മേഖല, ഖനി വ്യവസായം തുടങ്ങിയിടങ്ങളിൽ അത്യന്താപേക്ഷികമായ മേഖലയാണ് ഹെൽത്ത് സേഫ്റ്റി ആന്റ് എൻവയേൺമെന്റൽ മാനേജ്മെന്റ്. ഭാവികാലങ്ങളിൽ വളരെയധികം തൊഴിലവസരങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് ഈ പഠനശാഖ പ്രയോജനപ്പെടുന്നതാണ്.

# GOVERNMENT ENGINEERING COLLEGE THRISSUR

Thrissur - 680 009, Kerala, India
Email : principal@gectcr.ac.in
Ph. : 0487 - 2334144

VISION

To be a Premier Institution of Excellence in Engineering Education and Research for Sustainable Development.

MISSION

- Provide Quality Education in Engineering and Technology
- Foster Passion for Research
- Transform the Students into Committed Technical Personnel for the Social and Economic Wellbeing of the Nation

## U G PROGRAMMES

- Mechanical Engineering
- Civil Engineering
- Electrical and Electronics Engineering
- Chemical Engineering
- Production Engineering
- Computer Science and Engineering
- Electronics & Communication Engineering
- Architecture

## P G PROGRAMMES

- Environmental Engineering
- Power Electronics
- Structural Engineering
- Process Control
- Production Engineering
- Power Systems
- Computer Science
- Urban Planning
- VLSI and Embedded Systems
- Industrial Engineering and Management
- Manufacturing Systems Management
- Water Resources & Hydro Informatics
- Master of Computer Applications
- Communication Engineering & Signal Processing
- Health Safety and Environmental Management
- Internal Combustion Engine & Turbo Machinery

